(ഡി) 30.6.1985—ഇല്ല.

31.7.1985—155.40 കോടി രൂപ.

15.8.1985—115.02 കോടി രൂപ.

(ഇ) 30 കോടി രൂപയുടെ പരിധി കഴിഞ്ഞാൽ ഓവർഡ്രാഫ്റ്റ് ഉണ്ടാകുന്നതാണ്. അപ്രകാരം ഉണ്ടാകുന്ന ഓവർഡ്രാഫ്റ്റ് ഏഴ് ദിവസത്തിനകം ഇല്ലായ്മ ചെയ്തുകൊള്ളണമെന്നാണ് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിബന്ധന.

(എഫ്) 1984-85 വർഷാരംഭം 45.05 കോടി രൂപയുടെ ഓവർഡ്രാഫ്റ്റ് ഉണ്ടായിരുന്നു. തുടർന്നു 1984 ജൂൺ 28-ാം തീയതിവരെ ഓവർഡ്രാഫ്റ്റിലായിരുന്നു. അതിനുശേഷം ജൂലായ് 4 വരെ ഓവർഡ്രാഫ്റ്റ് ഉണ്ടായിരുന്നില്ല. പിന്നീട് ജൂലായ് 13, 14 തീയതികളൊഴികെ ഓവർഡ്രാഫ്റ്റ് നിലനിന്നു.

(ജി) ഇല്ല.

(എച്ച്) 1985 ഒക്ടോബർ 2-ാം തീയതി മുതൽ ഓവർഡ്രാഫ്റ്റ് പാടില്ലെന്നും ഓവർഡ്രാഫ്റ്റ് ഉണ്ടായാൽ ഏഴ് ദിവസത്തിനകം അടച്ചു തീർക്കണമെന്നുമാണ് കേന്ദ്രത്തിൽനിന്ന് അവസാനമായി ലഭിച്ച നിർദ്ദേശം.

പൊതുമരാമത്ത് ഇറിഗേഷൻ വകുപ്പുകളുടെ വിഭജനം

*42 [46] ശ്രീ. കെ. ടി. കണാരൻ:
,, വി. കെ. രാജൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തുവകുപ്പും ഇറിഗേഷൻ വകുപ്പും വിഭജിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ പ്രത്യേക വിഭാഗമായി പ്രവർത്തിക്കും;

(സി) വിഭജനാനന്തരം ഇവ കോർപ്പറേഷനുകളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) നിലവിലുള്ള പൊതുമരാമത്തുവകുപ്പും ഇറിഗേഷൻ വകുപ്പും പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വകുപ്പുകളുടെ പുനഃസംഘടന ഉടനെ നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly